# കണ്ടുമുട്ടലിലെ തുടർച്ചയും, വിടപറച്ചിലിലെ - അവസാനവും

ജീവിതത്തിന്റെ ചക്രവാളത്തിൽ സൂര്യൻ അസ്തമിച്ചു-
കൊണ്ടിരുന്നു. ആ സമയം അയാളുടെ ഹൃദയത്തിന്റെ
കോണുകളിൽ ഇരുട്ട് ഉദിച്ചുവന്നു. തീവണ്ടിയുടെ നി-
ശബ്ദമായ നീണ്ട കാഹളം അയാളുടെ കാതുകളിൽ മുഴങ്ങി
കൊണ്ടിരുന്നു. ആ കാഹളം അയാൾക്ക് വിങ്ങലിന്റെ സ്വരം
നൽകി. പതിയെ ആ മിഴികൾ വിങ്ങിപ്പൊട്ടി. വാർധ-
ക്യത്തിന്റെ ചുഴലിക്കാറ്റുണക്കിപ്പോയ കവിൾത്തടത്തി-
ലൂടെ പതിയെ ആ ഉപ്പുജലം ഊർന്നിറങ്ങി.
അയാളും ആ അഴലിന്റെ സാഗരത്തിൽ മുങ്ങിയമർ-
ന്നു. കാലത്തിന്റെ ഘടികാരം അയാൾക്കു വേണ്ടി പിറകോട്ടു
സഞ്ചരിച്ചതു പോലെ.... ആ തീവണ്ടി സ്വരങ്ങൾ
അയാളുടെ ഓർമ്മയുടെ ഏടുകളെ തൊട്ടുണർത്തി.

അന്ന് ഒരു ശരത്കാല സായാ-
ഹ്നമായിരുന്നു. ബോംബെയുടെ ചുടുകാറ്റിൽ ഇലകൾ
നിശബ്ദമായി സംസാരിച്ചു. തെരുവിന്റെ വീഥികളിൽ സൂര്യ-
ന്റെ അസ്തമയ പ്രകാശത്തിൽ തിളങ്ങി നിന്നു.
യൗവനത്തിന്റെ ഊഷ്മള രക്തം അവന് മനക്കരുത്ത-
യിലും ധൈര്യത്തിന്റെ ആയുധം നൽകിയിരുന്നു.
തന്റെ ബാഗുകൾ ചുമന്ന് അവൻ ബോംബെ റെയിൽ

സ്റ്റേഷനിലേക്കു നടന്നു. പഠനത്തിന്റെ ഏടുകൾ-
ക്ക് കുറച്ചു മാസം അവധി നൽകിയാണ് അവൻ
അന്ന് പുറപ്പെട്ടത്. അവനെയും കാത്ത് ഒരമ്മ
ആ നാലുകെട്ടിന്റെ ഉമ്മറപ്പടിയിലിരിക്കുന്നുണ്ട്.
അവൻ ടിക്കറ്റെടുത്ത് കംപാർട്ട്മെന്റിലേക്കു നടന്നു.
അവിടെ തന്നെയും കാത്ത് ജാലക സീറ്റ് ശൂന്യമായി-
രിക്കുന്നുണ്ടായിരുന്നു. തോളിലെ ഭാരത്തെ താത്കാലി-
കമായി അവൻ തീവണ്ടിമേൽ ചാർത്തി. ബാഗിലെ
ഒരു സൂക്ഷ്മ അറയിൽ നിന്നും തന്റെ പ്രിയപ്പെ-
ട്ട പുസ്തകങ്ങളെ വാരിയെടുത്തു. അങ്ങനെ
അവന്റെ യാത്ര ആരംഭിച്ചു. യാത്രയുടെ മധ്യാവസ്ഥ-
യിൽ എങ്ങോ ഒരു സ്റ്റേഷനിൽ വണ്ടി നിലച്ചു.
ആ നേരം അവൻ ഉറക്കത്തിലാഴ്ന്നിരിക്കുകയായിരുന്നു.
പെട്ടന്ന് തന്റെയരികിൽ ഒരു കുഞ്ഞിന്റെ ശബ്ദം
മുഴങ്ങിക്കൊണ്ടിരുന്നു. അവനെ അത് ഒരു അലാ-
റം പോലെ തട്ടിയുണർത്തി. ഉറക്കത്തിന്റെ പശ
കണ്ണുകളെ ഒട്ടിച്ചുവെച്ചിരുന്നെങ്കിലും കാതുകളിലെ
ശബ്ദം ആ പശയെ മായ്ച്ചുകളഞ്ഞു. കണ്ണുകൾ
തുറന്നവൻ എഴുന്നേറ്റു ജനൽ നോക്കുമ്പോൾ തന്റെ

സീറ്റിലൊരു കുഞ്ഞു ദേഹത്തിൽ ആകെ ദാരിദ്ര്യ-
ത്തിന്റെ കറകളാൽ മുങ്ങിപ്പോയ ഒരു ആൺ-
കുഞ്ഞ്. അവൻ തന്നെ തന്നേ നോക്കുന്നതു കണ്ട്
യുവാവ് സ്തംഭിച്ചു നിന്നുപോയി. കൂടാതെ തന്റെ
മടിയിൽ ഒരു ചുരുണ്ടിയമർന്ന പേപ്പറും
ആരോ വച്ചിരുന്നു. പേപ്പറിലെ ഭാഷ ഹിന്ദിയായി-
രുന്നു. മലയാളിയാണെങ്കിലും പഠനത്തിന്റെ യാത്രകൾ
അവന് പല തരം ഭാഷകളെ കൂട്ടുകാരാക്കിയിരുന്നു.
അതിൽ ഇങ്ങനെയാണെഴുതിയിരുന്നത്. "ഹേയ്
സഹോദര! എനിക്ക് 16 വയസ്സുണ്ട് എന്റെ മകനാണിത്
എനിക്ക് ജോലിയില്ല ഇനി ജീവിക്കാനും മാർഗമില്ല എന്നാ-
ൽ എനിക്കിവനെയും മരണത്തിനു വിട്ടു കൊടുക്കാൻ
വയ്യ നിങ്ങളുടെ മുഖം എനിക്കിപ്പോൾ ദൈവത്തിന്റെ
ഉടായാണ്. എന്റെ മകനെ അങ്ങ് സംരക്ഷിക്കണേ
ഇതൊരു അമ്മയുടെ യാചനയാണ്": ഇത്രയും
വായിച്ചു കഴിഞ്ഞപ്പോഴേക്കും അവന്റെ ഹൃദയ-
ത്തിൽ ആരോ പാറപ്പൊട്ടുകൾ അടുക്കി
വച്ചതു പോലെയായി. രക്തവും മാംസവും ഉണ്ടായി-
ട്ടും അവൻ ശിലയായി മാറിയതു പോലെയായി.

അവനെന്താണ് പ്രവർത്തിക്കേണ്ട തെന്നറിയാതെ-
യായി. ഒരു 22 വയസ്സുകാരൻ പഠിക്കാൻ
അന്ന് കേരളത്തിൽ നിന്ന് മഹാരാഷ്ട്രയി-
ലേക്കു പോയി. തിരികെ വരുമ്പോൾ കൈകുഞ്ഞും
തന്റെ അമ്മയുടെ മുഖമാണ് അവനാദ്യം തെളിഞ്ഞത്.
അമ്മ ഇതെങ്ങനെ അംഗീകരിക്കും. കൂടാതെ അമ്മ-
മാത്രമല്ല വീട് നിയന്ത്രിക്കുന്നതും അമ്മാവൻമാരെ-
ന്ന എങ്ങനെയാണ് വിശ്വസിക്കുക. ഒരു കൂട്ടം
ഭയപ്പെടുത്തുന്ന ചിന്തകൾ അവന്റെ മനസ്സിൽ
അലയടിച്ചു. എന്നാൽ കുഞ്ഞിന്റെ നിർത്താതെ
കരച്ചിലിനാണവൻ ആദ്യം മറുപടി നൽകിയത്.
അതിനെ പതുക്കെ വാരി പുണർന്ന് അവൻ
പാലിന്റെ കുറവ് അകറ്റി. കടയിലെ പാലാണെങ്കി-
ലും വിശപ്പിന്റെ രുചി ആ കൈപാതലിന് ആ
പാലും അമൃത മാക്കി മാറ്റി. കുഞ്ഞിനെ ഇവിടെ
ഉപേക്ഷിക്കണോ അതോ ഇനി ഇവന്റെ ചുമതല
വഹിക്കാൻ തയ്യാറാവണോ എന്ന രണ്ടു ചിന്തകളും
അവന്റെ മനസ്സിൽ നിറഞ്ഞു. എന്നാൽ ആ
പേപ്പറിലെ ഒരമ്മയുടെ അഴലിന്റെ കൈയെഴുത്തു-

കഥ അവനെ കരുണാമയനാക്കി. ആ നിമിഷം തൊട്ട് ആ കുഞ്ഞിനെയും അ നെയും തന്റെ ജീവിതത്തിന്റെ ഭാഗമാക്കി അവൻ മാറി. അങ്ങനെ അവന്റെ നാടായ ആറ്റപ്പാലമെത്തി. ഏകദേശം രാത്രി 10.00 മണിയായിക്കാണും. എങ്കിലും അ-ത്താഴം കഴിക്കാതെ അവനെ കാത്ത് അവന്റെ അമ്മ ആ ഉമ്മറത്തറയിൽ ഇരിക്കുന്നുണ്ടാ-യിരുന്നു. ഓട്ടോറിക്ഷയുടെ ശബ്ദം അമ്മയെ മുറ്റത്തെക്കിറക്കി. എന്നാൽ അപ്പോഴാണവർ മകന്റെ തോളിലേക്കു ശ്രദ്ധിച്ചത്. ബാഗിനുപുറ-മെ ഒരു കുഞ്ഞും അവന്റെ തോളിലുണ്ട്. അമ്മ കുറച്ചു നേരം നിശബ്ദതയിൽ തുടർന്നു പിന്നീട് തന്റെ ശബ്ദമുയർത്തി. "എന്താ മോനെ ആരുടെയാ ഈ കുഞ്ഞ്? നിന്റെ കൂടെ മറ്റാരെങ്കിലുമുണ്ടോ? . ആ ചോദ്യങ്ങൾ അവന്റെ തലയിൽ വണ്ടു പോലെ ~~കുത്തി~~ മുരളി നടന്നു. പതുക്കെ അമ്മ അവന്റെ കൈയ്യിൽ കയറി പിടിച്ചു അവൻ ഞെട്ടുന്ന് എന്തോ ചിന്തയിൽ നിന്നുണർന്നു അവൻ

(Note: This page will be scanned to publish the article in schoolwiki. So, Write neatly. Don't fold paper. Don't write overleaf).

നാവുകൾ ഉത്തരംപറയാനായി വിറച്ചു.
പതുക്കെ മൊഴിഞ്ഞു "അമ്മേ ഞാൻ പറയു-
ന്നത് അമ്മ സമാധാന പൂർവ്വം മനസ്സിലാക്ക-
ണം. എനിക്കിവനെ കടയിൽ നിന്ന് കളഞ്ഞുകിട്ടി-
യതാണ്. ഇവനെ എന്റെ അരികത്ത് ഏൽപ്പി-
ച്ച് ഒരു സ്ത്രീ ഒരു കത്തും തന്ന് എങ്ങോ
പോയി. ഇത്രയും കേട്ടതോടെ അമ്മ ആകെ
സ്തംബ്ധയായി. "എന്താ മോനേ കേൾക്കുന്നത്.
നീയെങ്ങനായാണ് ഇനി കുഞ്ഞിനെ നോക്കുക.
നിന്റെ അമ്മാവൻ മാർ ഇതറിഞ്ഞാൽ! ഒന്നാമതേ
ഇവിടെ നിന്നെ ദൂരെ വിട്ടുപഠിപ്പിക്കുന്ന-
തൊന്നും അവർക്കിഷ്ടമല്ല. നിന്നെ ഒരു കൃഷി-
ക്കാരനാക്കലല്ലേ അവരുടെ ആഗ്രഹം. അമ്മയുടെ
ഒരു നിർബന്ധ പ്രകാരം മോനിവിടന്ന് പോയി
പഠിക്കാൻ കഴിഞ്ഞത്. ഇനി നീ ഒരു
കുഞ്ഞുമായി ഇവിടെ എത്തി എന്നറിഞ്ഞാൽ
എനിക്ക് വയ്യ." അവനാകെ വിയർത്തുനിന്നു.
പെട്ടന്ന് വാതിലുകൾ തുറന്ന് ആരൊക്കെ-
യോ വീട്ടിനു പുറത്തെത്തി. അതിൽ മുൻ

പന്തിയിൽ മൂത്ത അമ്മാവനായ ശങ്കരനമ്മാമ-
യും ഭാര്യ ശ്രീലത അമ്മായിയുമായിരുന്നു.
പിറകെ മറ്റ് രണ്ടമ്മാവൻ മാരുമെത്തി.
ആ മോനെത്തിയോ എന്ന സ്വരം ആദ്യം
അവർ മൊഴിഞ്ഞെങ്കിലും ആ തോളിലെ കുഞ്ഞിനെ
കണ്ട നേരം അവർ ഒന്നു പരുങ്ങിനിന്നു.
പിന്നെ ചോദ്യമായി പാച്ചിലായി. ഒടുവിൽ
അന്ന് വീടുവിട്ട് ഇറങ്ങിയതാണ് അവനും,
അമ്മയും, ആ കൈക്കുഞ്ഞും. കുഞ്ഞിനെ വളർ-
ത്തി അമ്മാവൻ മാർക്കു മുന്നിൽ ഉയർത്തെഴുന്നേ-
ൽക്കണമെന്ന ഒരേ ചിന്തയോടെ ആ യുവാവ്
പ്രയത്നിച്ചു. പഠനം മുടങ്ങിയെങ്കിലും
തന്നാൽ കഴിയുന്ന ജോലികളെടുത്ത് ആ കുഞ്ഞി-
നായി അയാൾ ജീവിതമുഴിഞ്ഞു വച്ചു. കൂടെ
ആ അമ്മയും തണലായി നിന്നു. കാലങ്ങൾ
തന്റെ പായ് വഞ്ചിയിൽ സഞ്ചരിച്ചു കൊണ്ടിരുന്നു.
പകുതിയിൽ വച്ച് വാർദ്ധക്യം ആ അമ്മയെ
മരണത്തിനു വിട്ടു. എന്നാൽ അവിടെയും തോൽ-
ക്കാതെ ആ യുവാവ് ആ കുഞ്ഞിനായി

ജീവിച്ചു. അങ്ങനെ തന്റെ നിരന്തര പ്രവർത്ത-
നത്താൽ കുഞ്ഞിൽ നിന്നും അവനൊരു
കഴിവുറ്റ യുവാവായി മാറി. ഉയർന്ന
ശമ്പളമുള്ള ജോലിയും കൈവരിച്ചു. അങ്ങനെ
തന്റെ ആയുസ്സിന്റെ മുക്കാലും തന്റെ പിറക്കാ-
ത്ത പ്രിയ മകനായി അയാൾ നീക്കിവച്ചു.
തന്റെ മകന്റെ ഓരോ വളർച്ചയും തന്റെ വിജയ
മായി അയാൾ ആസ്വദിച്ചു. എന്നാൽ പെട്ടെ-
ന്നപ്പോഴേ മകന്റെ പ്രണയത്തിന്റെ കാറ്റ്
ദിശമാറി സഞ്ചരിപ്പിച്ചു. മകന്റെ ഇഷ്ടം പോലെ
ആ അച്ഛൻ അവന്റെ ഇഷ്ട വധുവായി
കല്യാണവും നടത്തി. അങ്ങനെ സമയത്തിന്റെ
സൂചികൾ മിനുട്ടുകളും, മണിക്കൂറുകളും
സഞ്ചരിച്ചുകൊണ്ടിരുന്നു. അച്ഛന്റെ വാർധക്യം
ഇന്നി മകന് ഒരു ഭാരമായി അനുഭവപ്പെട്ടു.
അതിലേറെ അവന്റെ ഭാര്യക്കും. അങ്ങനെ
അവർ രണ്ടുപേരും ആ ഭാരത്തെ
പതിയെ ഒഴിവാക്കണമെന്ന നിലപാടിലെത്തി.
കുടുംബയാത്ര എന്ന പേരിലവർ ട്രെയിനിലേക്കു

ഒരു യാത്ര സംഘടിപ്പിച്ചു. അങ്ങനെ
അവർ മദ്രാസിന്റെ റെയിൽവേ സ്റ്റേഷന്
മുന്നിലെത്തി. അച്ഛന് ചായ വാങ്ങിക്കൊണ്ടു-
വരാം എന്ന് പറഞ്ഞ് ആ ദമ്പതികൾ
പുറത്തിറങ്ങി. മക്കളുടെ ചായയും കാത്ത്
ആ തണുപ്പിൽ ആ വൃദ്ധൻ ഏകാന്തമായ വിടെ
തുടർന്നു. പലരും കേറിയും, ഇറങ്ങിയും,
നിന്നും ഇരുന്നും, തുടർന്നു എന്നാൽ അയാൾ
മാത്രം ആ ചായക്കു വേണ്ടി അവിടെ നിലകൊണ്ടു-
മായിന്നു. ഓരോരുത്തരും വരുമ്പോഴും അത്
തന്റെ മകനും മരുമകളും ആയിരുന്നെന്ന് ആയാൾ
മൗനമായി പ്രാർത്ഥിച്ചു. എന്നാൽ ചായക്കുപകരം
അയാൾ മൗനം കുടിച്ചുവിടെ തുടർന്നു. തന്റെ
ടിക്കറ്റ് ചോദിച്ചെത്ത ആരും വരാത്തതിന്റെ
സംശയത്താൽ അയാൾ ബോഗികൾ കയറിയിറങ്ങി.
അവിടെ അയാൾക്കായി ഒരു മഹാരാഷ്ട്ര ടിക്കറ്റ്
കാത്തിരിക്കുന്നുണ്ടായിരുന്നു. അയാൾ ഒന്നും മൊഴി-
ഞ്ഞില്ല. ശൂന്യതയിൽ അയാൾ ഏകാന്തതയുടെ
പുതപ്പിനാൽ അയാളിന്റെ നാണത്തെ തുടച്ചുമാറ്റി.

എങ്ങോട്ടേക്ക്, എപ്പോഴേക്ക് എന്നും അയാൾ അന്വേഷിച്ചില്ല. ഉള്ളിൽ അലയടിക്കുന്ന അഴലിലും പക്ഷേ പുറമേ ഒരു തടാകം പോലെ അയാൾ ശാന്തനായി. എല്ലാവരും ഇറങ്ങിപ്പോയി; ഒടുവിൽ തീവണ്ടി മുറിയിൽ അയാൾ മാത്രമായി... ജീവിതത്തിന്റെ തീവണ്ടിയിൽ എപ്പോഴോ കണ്ടുപരിചയപ്പെട്ടു വിടവാങ്ങിയ കഥാപാത്രങ്ങളായി അന്നവർ മാറി. ജീവിതമെന്ന പുസ്തകത്തിൽ അയാൾ വരഞ്ഞിച്ചു വർണ്ണിച്ചു മനോഹരമാക്കിയ ആ കഥാപാത്രത്തിന് അന്ന് അയാൾക്ക് പൂർണ്ണ വിരാമം ഇടേണ്ടി വന്നു. ജീവിതത്തിന്റെ ഉദയം കാണാൻ അഴലിന്റെ സാഗരങ്ങൾ പേറി അയാൾ യാത്ര തുടരുകയാണ്.... അവസാനമില്ലാത്ത ആ യാത്ര... ഏതോ വിടപറച്ചിലിനുമായി ഏതോ കണ്ടുമുട്ടലുകളും കാത്തുനിൽക്കുന്നുണ്ട്.

(Note: This page will be scanned to publish the article in schoolwiki. So, Write neatly. Don't fold paper. Don't write overleaf).